# ജീവിതം പടർത്തുന്ന വേരുകൾ

1.അടുത്തു നിൽപ്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർക്കദൃശ്യനാമീശ്വരൻ...

... ഉള്ളൂർ

സ്വജനത്തെപ്പോലെതന്നെ സമൂഹത്തെയും പ്രകൃതിയെയും സ്നേഹിക്കാനുള്ള നന്മ നിറഞ്ഞ മനസ്സ് മലയാളിക്ക് നഷ്ടമാവുകയാണോ ?ഉപന്യാസം തയ്യാറാക്കുക. (6)

2.നമ്മുടെ വേരുകളും അമ്മയായ ഭൂമിയിൽ തന്നെയാണെന്ന് ഡി. വിനയചന്ദ്രൻ പറയുന്നതെന്തുകൊണ്ട്? (4)

3.കോരന്റെ കണ്ണ് നനയിച്ച കാഴ്ച എന്തായിരുന്നു? (2)

4."അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അവൻ വീട്ടി കഴിഞ്ഞു." കോരൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

5.വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാൻ താല്പര്യമില്ലാത്തവർ പുതിയ കാലത്ത് കൂടി വരുന്നു. കോരൻ എന്ന കഥാപാത്രത്തെ പ്രവൃത്തിയുമായി ഈ പ്രസ്താവനെയെ വിലയിരുത്തുക. (4)

6. ഓരോ വിളിയും കാത്തിരുന്ന അമ്മയുടെ ജീവിതത്തെ 'ഹോ ! സഫലമീയാത്ര' എന്ന വിശേഷിപ്പിക്കാമോ? ഉപന്യാസം തയ്യാറാക്കുക. (6)

7.'അമ്മത്തൊട്ടിൽ 'എന്ന ശീർഷകത്തിന്റെ ഔചിത്യ പരിശോധിക്കുക. (6)

8. പീളയടിഞ്ഞ് നിറം പോയ കണ്ണുകളെന്തേയടയ്ക്കാതെ വെച്ചമ്മ നിർദ്ദയം
ഇവിടെ അമ്മയുടെ കണ്ണുകൾ അടയാതിരുന്നതിന് കാരണമെന്താവാം ? (4)

9. എൻ മകനാശു നടക്കുന്ന നേരവും കല്മഷം തീർന്നിരുന്നീടുന്ന നേരവും
നന്മതികെട്ടുറങ്ങീടുന്ന നേരവും സമ്മോദമാർന്ന് രക്ഷിച്ചീടുവിൻ നിങ്ങൾ..

............................ എഴുത്തച്ചൻ

അമ്മത്തൊട്ടിലിലെ അമ്മയും ഇതുപോലെയുള്ള അമ്മയാണോ ?. വിശദീകരിക്കുക.. (6)

10 . പദം പിരിച്ചെഴുതുക

(4)

Prepared by Dr. N Murari Shambhu for www.shenischool.in

അണുവിട
അപരാധമാണ്.

11. "നല്ല വെള്ളോല്ല, നിലാവൂല്ല, ക്ണ്ണറെ ഒച്ചോം ഇല്ല.പിന്നെ എന്താം ആടെ ഉള്ളത്"
അമ്മ തമാശെയോടെ ചോദിച്ചു.

. ..... ഓരോ വിളിയും കാത്ത്

നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം

...... കുറ്റിപ്പുറം

മുകളിൽ തന്നിട്ടുള്ള വരികളിൽനിന്ന് ഗ്രാമജീവിതത്തിന്റെയും നഗര
ജീവിതത്തിന്റെയും പ്രത്യേകതകൾ വിശദമാക്കുക. (6)

12 ." നിരറ്റു വറ്റിവരണ്ട കൈച്ചുളികൾ
നീരാതെ മാറോട് ചേർത്തു വച്ചിട്ടുണ്ട് "
അടിവരയിട്ട പദത്തിന്റെ പ്രയോഗഭംഗി കണ്ടെത്തുക (2)

13. ഓരോ വിളിയും കാത്ത് എന്ന കഥയിലെ അച്ഛൻ മരിച്ചിട്ടും സജീവ
സാന്നിധ്യമായി ആ കുടുംബത്തിൽ കാണപ്പെടുന്നു.
കുടുംബ ബന്ധങ്ങളെ അടിസ്ഥാനമാക്കി നിരൂപണം ചെയ്യുക (6)

14. 'പ്ലാവിലക്കഞ്ഞി ' എന്ന കഥയിൽ അക്കാലത്തെ സാമൂഹ്യവ്യവസ്ഥിതി
പ്രതിഫലിക്കുന്നുണ്ടോ? ചർച്ച ചെയ്യുക (4)

15. "മനസ്സിന്റെ ക്ലാവ്പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കാണുന്നതെല്ലാം
ശരിയായിരുന്നു."
അടിവരയിട്ട പദത്തിന്റെ അർത്ഥഭംഗി വിശദമാക്കുക. (2)

16. "ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ )
തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു".
പെരുംമാൾ - പെരുമാൾ (പ്രയോഗത്തിൽ തെളിയുന്ന സൂചനയെന്താവാം ?

(4)